# മേച്ചിൽ, അലച്ചിൽ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

എന്റെ കുതിരേ, കതിരേ,
കുതിച്ചുവളരും പതിരേ!

നിങ്ങൾ ജാലവിദ്യക്കാരനോ?
ഏകാന്തമുച്ഛ്വാസ യതീവര്യനോ?
കാര്യസ്ഥചിന്ത ഭ്രമിക്കും ഭദ്രനോ?
ഏകച്ഛത്രത്തുറുങ്കിൻ പാലകനോ?

രുദ്രാക്ഷമണിഞ്ഞേകതാന–
യേകവിഷയ താന്ത്രികനായ്
ഏകീകരണ മന്ത്രംച്ചൊല്ലി
ഏകവ്രത സേനനയിക്കും
തമോഗർത്ത മനോയന്ത്രമോ?
മനോഗർത്ത തമോയന്ത്രമോ?

ഊത്തുകുഴലൂതും
മനക്കണ്ണു മറയ്ക്കും
കാവൽഭട താന്ത്രിക–
സ്പന്ദം തേടിപ്പോകും;
കാഹളനാദം കാക്കാതെ
ചെങ്കുത്താം മലകയറും;
അനുകമ്പനം വിൽക്കും
താഴ്വാരക്കടയിൽ
ഋതുപുഷ്പാവലി തെളിയ്ക്കും;
ഒറ്റയാൻ പട്ടാളക്കവാത്ത്
നിശ്ചലഗ്രഹണത്തണലിൽ
ചിത്രത്തുണിത്തൂണിൽ
പുൽത്തട്ടുവിരിപ്പിൽ
വരയാനലയും ദൈനന്ദിനി.

കാൽനടമേച്ചിലിൽ
ആചാരവെടിക്കു
കാതോർക്കാതെ
ആചാര്യാശ്വമായ്
കാണാപ്പാറയിൽ
മുഷ്ടിമുട്ടിയൂട്ടി
പതിരിനെ കതിരാക്കും
വിശിഷ്ടോർജ്ജം
വിളിപ്പുറ വാതിലിൽ
മാന്ത്രിക മകുടിയിൽ
സംശയചെപ്പുടയ്ക്കും
ദിനം വിദൂരമല്ല!
*****************************